അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്ന ഗവൺമെൻറ് കോളേജുകൾ

559. [752] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പേരാമ്പ്ര, കൊയിലാണ്ടി, പെരിന്തൽമണ്ണ ഗവൺമെൻറ് കോളേജുകൾ അപ്ഗ്രേഡ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

തീരുമാനമായിട്ടില്ല.

1987-ലെ എസ്. എസ്. എൽ. സി. പരീക്ഷ

551. [753] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1987 മാർച്ചിലെ എസ്. എസ്. എൽ. സി. പരീക്ഷയിൽ ചോദ്യം തയ്യാറാക്കുന്ന രീതിയിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫസ്റ്റ് ലാംഗ്വേജ് സെക്കൻറ് ലാംഗ്വേജ് എന്നിവയുടെ പേപ്പർ II ഒഴികെയുള്ള എല്ലാ ചോദ്യപേപ്പറുകളിലും എ, ബി എന്ന രണ്ടു വിഭാഗങ്ങൾ ഉണ്ടായിരിക്കും. ലഘു ഉത്തര ചോദ്യങ്ങളും ഉപന്യാസങ്ങളും ഉൾപ്പെടുന്നതാണ് 'എ' വിഭാഗം. ഇതിന് 60 മാർക്കാണ് ഉള്ളത്. ഉത്തരക്കടലാസിൽ തന്നെ 80 മിനിട്ടുകൊണ്ട് ഉത്തരം എഴുതേണ്ടതാണ്. 'ബി' വിഭാഗം വസ്തുനിഷ്ഠ ചോദ്യങ്ങളും അതിലഘുത്തര ചോദ്യങ്ങളും അടങ്ങിയതാണ്. ഇതിന് 40 മാർക്കാണ് ഉള്ളത്. 40 മിനിട്ടു സമയം കൊണ്ട് ചോദ്യപേപ്പറിൽ നിർദ്ദിഷ്ഠം സ്ഥാനത്ത് ഉത്തരം എഴുതേണ്ടതാണ്. ഇംഗ്ലീഷ് ചോദ്യപേപ്പറിൽ ടെക്സ്റ്റു ബുക്കിനെ ആധാരമാക്കി ഒരു ഖണ്ഡികാ ചോദ്യവും പതിനഞ്ചു വാചകങ്ങളിൽ ഉത്തരമെഴുതേണ്ട ഒരു ഉപന്യാസ ചോദ്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാം പേപ്പറിൽ ഉണ്ടായിരുന്ന മൂന്നിലൊന്നായി സംഗ്രഹിക്കാനുള്ള ചോദ്യം രണ്ടാം പേപ്പറിലേക്ക് മാറ്റിയിട്ടുണ്ട്. മാതൃഭാഷയിൽ നിന്നും ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യാനുള്ള ഒരു ചോദ്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഏതെങ്കിലും പന്ത്രണ്ടു വിദ്യാർത്ഥികൾ ഉത്തരം എഴുതിയാൽ മതിയാകും.

സംസ്കൃത അദ്ധ്യാപകരുടെ സ്ഥലം മാറ്റം

552. [755] ശ്രീ. കെ. പി. പ്രഭാകരൻ :
,, കെ. ടി. കുണാരൻ :
,, എം. കെ. കേശവൻ :
,, പി. കുമാരൻ :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീനിയർ ലാംഗ്വേജ് ടീച്ചറായി പ്രൊമോഷൻ ലഭിച്ചിട്ടുള്ള സംസ്കൃതാദ്ധ്യാപകരെ മറ്റു ജില്ലകളിലേക്ക് സ്ഥലം മാറ്റുമ്പോൾ,

LIBRARY ARCHIVES Kerala Legislative Assembly